ശ്രീ. ടി. എം. ജേക്കബ്: ബഹുമാനപ്പെട്ട പി. സി. ജോർജ് ഇവിടെ ചോദിച്ച ചോദ്യം കുറെ ചെക്ക് ഡാമുകളുടെ നിർമ്മാണം നടക്കുന്നില്ല, അതിനുള്ള കാലതാമസം ഒഴിവാക്കുമോ എന്നുള്ളതാണ്. ഇവിടെ അദ്ദേഹം പറഞ്ഞ പ്രൊപ്പോസലിന്റെ എസ്റ്റിമേറ്റെല്ലാം തയ്യാറാക്കി വച്ചു. ഞാൻ നേരത്തെ ഒരു ചോദ്യത്തിന് മറുപടിയായിട്ട് പറഞ്ഞു, ഇത് ഏറ്റെടുത്ത് നടത്താൻ കഴിയാത്തത് പണത്തിന്റെ കുറവുമൂലമാണ് എന്ന്. എങ്കിലും മീനച്ചലിൽ ചെക്ക് ഡാമുകൾ ആവശ്യമുള്ള സ്ഥലങ്ങളുണ്ട്. തീർച്ചയായിട്ടും അദ്ദേഹം പറഞ്ഞ നിർദ്ദേശങ്ങൾ, അവിടെ ചെക്ക് ഡാമുകൾ നിർമ്മിക്കുന്ന അവസരത്തിൽ ഇത് പരിഗണിക്കാം. കൂടുതൽ ചെക്ക് ഡാമുകൾ നിർമ്മിക്കാം. ഈ വർഷം ഗവൺമെന്റ് ഉദ്ദേശിക്കുന്നത് ഈ വേനൽക്കാലം ആകുമ്പോഴേയ്ക്കും പുഴയിലെ വെള്ളത്തിന്റെ തോത് കുറയുന്നതനുസരിച്ച് കൂടുതൽ ചെക്ക് ഡാമുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അത് ഒരു പ്രയോറിറ്റി ഐറ്റമായി ഇപ്രാവശ്യം ഞങ്ങൾ എടുത്തിട്ടുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയെ അറിയിച്ചു. പിന്നെ കക്ഷി നേതാക്കൻമാരുടെ യോഗം വിളിച്ചുകൂട്ടിയപ്പോൾ അവിടെ വച്ചും ഈ പ്രൊപ്പോസൽ വന്നു. അത് ഞങ്ങൾ അക്സെപ്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്.

അഡ്വഞ്ചർ ടൂറിസവും ഷോപ്പിംഗ് ടൂറിസവും

*2 [182] ശ്രീ. എം. പി. ഗംഗാധരൻ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. എൻ. ഡി. അപ്പച്ചൻ:
,, ടി. എൻ. പ്രതാപൻ:
ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഡ്വഞ്ചർ ടൂറിസവും ഷോപ്പിംഗ് ടൂറിസവും പ്രോൽസാഹിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) ഷോപ്പിംഗ് ടൂറിസത്തിന്റെ ഭാഗമായി സംസ്ഥാനത്തെ തനതു സംസ്കാരം ദൃശ്യമാകുന്ന കലാവസ്തുക്കളുടെ നിർമ്മാണത്തിൽ കൂടുതൽ പേർക്ക് പരിശീലനം നൽകാൻ ഉദ്ദേശമുണ്ടോ;

(സി) ടൂറിസ്റ്റുകൾക്ക് ഷോപ്പിംഗ് നടത്തുവാനായി എല്ലാ ജില്ലകളിലും പെർമനന്റ് എക്സിബിഷനുകൾ നടത്താൻ നടപടി സ്വീകരിക്കുമോ?

വിനോദസഞ്ചാര വകുപ്പ് മന്ത്രി (ശ്രീ. പി. ശങ്കരൻ):

(എ) ഉണ്ട്.

(ബി) ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി കേരളത്തിലെ തനതു കലാവസ്തുക്കളുടെ നിർമ്മാണം മെച്ചപ്പെടുത്തി കമനീയവും, ആകർഷണീയവും, അന്താരാഷ്ട്ര ഗുണനിലവാരമുള്ളതുമായ ഉത്പന്നങ്ങളായി മാറ്റുന്നതിന് തിരുവനന്തപുരം ആസ്ഥാനമായ ഗ്രേറ്റ് ഇന്ത്യാ ടൂർ കമ്പനിയെ കൺസൽട്ടന്റായി ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിഴിഞ്ഞത്ത് വ്യവസായ-ഫിഷറീസ്

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുകളുടെ സഹകരണത്തോടെ 'ആർട്ട് ആന്റ് ക്രാഫ്റ്റ് വില്ലേജ്' എന്ന ഒരു പദ്ധതിയ്ക്ക് രൂപം നൽകിവരുന്നു. വർഷന്തോറും നടത്തുന്ന നിശാഗന്ധി ഉൽസവത്തിന്റെ ഭാഗമായി കരകൗശല ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിൽപ്പനയും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) ടൂറിസം വകുപ്പ് നേരിട്ട് സ്ഥിരമായി എക്സിബിഷനുകൾ നടത്തുന്ന കാര്യം ആലോചിച്ചിട്ടില്ല. എന്നാൽ കേരള സ്വർണ്ണ വ്യാപാരികളുമായും ലോക സ്വർണ്ണ കൗൺസിലുമായും ചേർന്ന് കഴിഞ്ഞവർഷം കേരളം മുഴുവൻ ഒരു സ്വർണ്ണോൽസവം നടത്തുകയുണ്ടായി.

<u>ശ്രീമതി. മാലേത്ത് സരളാദേവി</u>: സർ, അഡ്വഞ്ചർ ടൂറിസവും ഷോപ്പിംഗ് ടൂറിസവും സംബന്ധിച്ച ധാരാളം കാര്യങ്ങൾ കേരള സംസ്ഥാനവുമായി ബന്ധപ്പെട്ട് ചെയ്തതിന്റെ ഫലമായിട്ടാണ്, ഏറ്റവും അഭിമാനകരമായി, ഇൻഡ്യയിൽ പല സമ്മാനങ്ങളും കൊടുത്തപ്പോൾ, നമ്മുടെ സംസ്ഥാന ടൂറിസം വകുപ്പിനും വളരെയധികം ബഹുമതികൾ നേടിയെടുക്കാൻ കഴിഞ്ഞ ഒരു കാലഘട്ടത്തിലാണ് ഈ ചോദ്യത്തിന് ഇത്തരം പ്രസക്തിയുള്ളതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സപ്തസാഗരങ്ങളെപ്പോലെ അഗാധ വിസ്തൃതവും ഗൗരിശങ്കരത്തെപ്പോലെ മഹോന്നതവുമായ സാംസ്കാരിക ഭാരതത്തിന്റെ മടിത്തട്ടിലാണ് ആറൻമുള. ആറൻമുളയെ ഭാരത സർക്കാരും യുണൈറ്റഡ് നേഷൻസ് ഡവലപ്മെന്റ് പ്രോഗ്രാമുംകൂടി സംയുക്തമായി ഉൾപ്പെടുത്തിയ ഇൻഡോ ജീനിയസ് ടൂറിസത്തിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. ചരിത്രപ്രസിദ്ധമായ ആറൻമുള വള്ളംകളി, ആറൻമുള കണ്ണാടി, ചുവർചിത്ര മാതൃകയിലുള്ള മ്യൂറൽ ആർട്ട് ഗ്യാലറി അതുപോലെ ധാരാളം കാര്യങ്ങൾ ആറൻമുളയിലുണ്ട്. അതുപോലെ സംസ്ഥാനത്ത് ഉടനീളം ഓരോ ജില്ലയിലും പ്രാധാന്യം അർഹിക്കുന്ന ടൂറിസ്റ്റുകളെ ആകർഷിക്കുന്ന സ്ഥലങ്ങളും കാര്യങ്ങളും ഉണ്ട്. ഈ കാര്യങ്ങളൊക്കെ രേഖപ്പെടുത്തുന്നതിനുവേണ്ടി സംസ്ഥാനതലത്തിൽ ഈ സ്ഥലങ്ങളെക്കുറിച്ചും മാർഗങ്ങളെക്കുറിച്ചും അവിടെയുള്ള കാര്യങ്ങളെക്കുറിച്ചും സംസ്ഥാനതലത്തിൽ ഒരു ഡയറക്ടറി പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ?

വിനോദസഞ്ചാര വകുപ്പുമന്ത്രി (<u>ശ്രീ. പി. ശങ്കരൻ</u>): സർ, ഇക്കാര്യം ഗവൺമെന്റ് ഗൗരവമായിട്ട് പരിഗണിക്കുന്നതാണ്.

<u>ശ്രീമതി മാലേത്ത് സരളാദേവി</u>: സർ, ചരിത്രപ്രസിദ്ധമായ ആറൻമുള കണ്ണാടിയുടെ നിർമ്മാണത്തിന് വളരെയധികം പരിശീലനം ആവശ്യകതയുണ്ട്. അതിന്റെ പരിശീലനത്തെക്കുറിച്ചുള്ള കാര്യങ്ങൾ ചിന്തിക്കുമോ, നടപടിയെടുക്കുമോ?

<u>ശ്രീ. പി. ശങ്കരൻ</u>: സർ, ഇക്കാര്യം ആലോചിക്കാവുന്നതാണ്.

<u>ശ്രീ. എൻ.ഡി. അപ്പച്ചൻ</u>: സർ, വയനാട് പോലുള്ള ജില്ലകൾ അഡ്വഞ്ചർ ടൂറിസത്തിന് ഏറ്റവും പറ്റിയ മലകളും വെള്ളച്ചാട്ടങ്ങളും ഒക്കെയുള്ള സ്ഥലമാണ്. ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി അവശ്യമായ നടപടികളെടുക്കാൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ശങ്കരൻ: അഡ്വഞ്ചർ ടൂറിസം പദ്ധതികളുടെ ഭാഗമായിട്ട് തെൻമല, തേക്കടി, മൂന്നാർ തുടങ്ങിയ സ്ഥലങ്ങളിൽ വിനോദ സഞ്ചാരികൾക്ക് ട്രക്കിംഗ് സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നുണ്ട്. അതുപോലെതന്നെ വയനാടും ഇത്തരം ട്രക്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യം ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ട്. അതനുസരിച്ച് പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഗൗരവമായിട്ട് കുറച്ചുകൂടി മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എൻ. ഡി. അപ്പച്ചൻ: സർ, വിദേശ ടൂറിസ്റ്റുകൾ ഇൻഡ്യയിൽ എത്തുമ്പോൾ ഷോപ്പിംഗ് ടൂറിസത്തിലൂടെ സംസ്ഥാനത്തെ തനതുസംസ്കാരം ദൃശ്യമാക്കുന്ന കലാവസ്തുക്കൾ വിൽപ്പനയ്ക്ക് ലഭിക്കുമെങ്കിൽ അതിന്റെ വിപണനത്തിന് കൂടുതൽ ഷോപ്പുകൾ എല്ലാ ജില്ലകളിലും പ്രവർത്തിപ്പിക്കുന്നതിന് ഡി.റ്റി.പി. മുഖാന്തിരം നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. ശങ്കരൻ: ഇക്കാര്യത്തിൽ ഡി.റ്റി.പി.കൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, അഡ്വഞ്ചർ ടൂറിസത്തിന് വളരെയേറെ സാദ്ധ്യതകളുള്ള ഒരു സംസ്ഥാനമാണ് കേരളം. നമ്മുടെ മലകളും കാടുകളും നദികളും പക്ഷിസങ്കേതങ്ങളും കായലുകളും കടലുപോലും അഡ്വഞ്ചർ ടൂറിസത്തിന് വേണ്ടി ഉപയോഗിക്കാൻ പറ്റും. ഇതിന്റെ അനന്ത സാധ്യതകളെക്കുറിച്ച് പഠിക്കുന്നതിനുവേണ്ടി ഒരു വിദഗ്ദ്ധ സമിതിയെ വയ്ക്കുമോ?

ശ്രീ. പി. ശങ്കരൻ: ഇതിന്റെ അനന്ത സാദ്ധ്യതകളെക്കുറിച്ച് ഇപ്പോൾ തന്നെ ടൂറിസം ഡിപ്പാർട്ടുമെന്റ് പഠനം നടത്തിയിട്ടുണ്ട്. ആ പഠനത്തിന്റെ ഭാഗമായിട്ട് അഡ്വഞ്ചർ ടൂറിസം വികസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായിട്ട് മൂന്നാറിൽ കേന്ദ്ര ഗവൺമെന്റ് സഹായത്തോടുകൂടിയാണ് 72 ലക്ഷം രൂപ മുടക്കി സാഹസിക ടൂറിസത്തിന് വേണ്ടി ഉപകരണങ്ങൾ വാങ്ങാൻ ഗവൺമെന്റ് തീരുമാനമെടുത്തത്. ഇതിന്റെ വിശദാംശങ്ങൾ വേണമെങ്കിൽ പറയുകയും ചെയ്യാം.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, ഈ ഷോപ്പിംഗ് ടൂറിസം ഇന്ന് ലോക ടൂറിസത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമാണ്. എല്ലാ സംസ്ഥാനങ്ങളിലും ഷോപ്പിംഗ് ഫെസ്റ്റിവൽസ് നടക്കുകയാണ്. ഇൻഡ്യയിൽ തന്നെ ഡൽഹിയിലെ പ്രകൃതി മൈതാനം, ബോംബെ, കൽക്കട്ട, ഉൾപ്പെടെയുള്ള നഗരങ്ങളിൽ ഇന്നു ഷോപ്പിംഗ് ടൂറിസത്തിന് വളരെയധികം പ്രാധാന്യം ഉള്ളത് ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ ഡൽഹിയിലെ തൽക്കത്തോറ–സ്റ്റേഡിയത്തിൽ 5000 വെറൈറ്റിയിലുള്ള മാമ്പഴങ്ങളുടെ എക്സിബിഷൻ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെ കേരളം വളരെയേറെ പ്രകൃതിവിഭവങ്ങളുള്ള സംസ്ഥാനമാണ്. ഇതുപോലുള്ള ഷോപ്പിംഗ് ടൂറിസത്തിന്റെ ഭാഗമായി പ്രധാനപ്പെട്ട സെന്ററുകളിൽ കേരളത്തിലെ പ്രകൃതി വിഭവങ്ങളെ കോർത്തിണക്കിക്കൊണ്ട് ഇത്തരം പ്രകൃതിവിഭവങ്ങളുടെ ഒരു എക്സിബിഷൻ സംഘടിപ്പിക്കാൻ നേതൃത്വം കൊടുക്കുമോ?

ശ്രീ. പി. ശങ്കരൻ: ബഹുമാനപ്പെട്ട മെമ്പർ മുന്നോട്ടുവച്ച നിർദ്ദേശം കൊള്ളാവുന്നതാണ്. ഇക്കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി രാധാരാഘവൻ: സർ, ടൂറിസം ജില്ലയായി പ്രഖ്യാപിച്ച വയനാട് ജില്ലയിൽ ടൂറിസ്റ്റുകൾക്ക് താമസിക്കാൻ സൗകര്യം കമ്മിയാണ്. അതുകൊണ്ട് യാത്രി നിവാസുകൾ പോലെയുള്ള കെട്ടിടങ്ങൾ നിർമ്മിച്ച് ടൂറിസ്റ്റുകൾക്ക് സൗകര്യം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. ശങ്കരൻ: അതിനാവശ്യമായ പദ്ധതി ഡി.ടി.പി.സി.-ക്ക് സമർപ്പിച്ച് കഴിഞ്ഞു. ഇക്കാര്യം പരിശോധിക്കുന്നതാണ്.

ശ്രീമതി രാധാരാഘവൻ: തെക്കൻകാശി എന്നറിയപ്പെടുന്ന തിരുനെല്ലി ക്ഷേത്രത്തിനോടനുബന്ധിച്ച് ശിവരാത്രിക്കും വിഷുവിനും പിതൃതർപ്പണത്തിനുമായി നിരവധിയാളുകൾ എത്തിച്ചേരുന്നു. അതിനോടനുബന്ധിച്ച് അവിടെയൊരു എക്സിബിഷൻ സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. ശങ്കരൻ: എക്സിബിഷന്റെ കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചുകഴിഞ്ഞു. ഇക്കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. രാജു എബ്രഹാം: നമ്മുടെ പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളായ കടലോരങ്ങൾ ഇന്ന് വൃത്തിഹീനങ്ങളാണ്. അവിടെയെത്തുന്ന ടൂറിസ്റ്റുകളുടെ പുറകേ ഭിക്ഷക്കാരും കച്ചവടക്കാരും നടന്ന് അവരെ ശല്യപ്പെടുത്തുകയാണ്. നമ്മുടെ നാട്ടിൽ ഏറ്റവും കൂടുതൽ സാദ്ധ്യതയുള്ളത് അഡ്വഞ്ചർ ടൂറിസത്തിനാണ്. അങ്ങ് ഇവിടെ മറുപടിയിൽ ഒരു ചെറിയ പ്രോജക്ട് മൂന്നാറിൽ വന്നിട്ടുണ്ടെന്നാണ് പറഞ്ഞത്. കേരളത്തെ സംബന്ധിച്ചിടത്തോളം പാരാസെയ്ലിംഗ്, ഹാൻഡ് ഗ്ലൈഡിംഗ്, വാട്ടർ സ്കീയിംഗ്, വനത്തിനുള്ളിലെ സഫാരികൾ, കുത്തൊഴുക്കിലുള്ള ബോട്ട് യാത്ര, റോപ് ക്ലൈംബിഗ് തുടങ്ങിയ നിരവധി സാദ്ധ്യതകളുണ്ട്. അങ്ങയുടെ റിപ്പോർട്ടിൽ അതിനെക്കുറിച്ചെന്തെങ്കിലും പ്രതിപാദിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ സഭയിൽ വയ്ക്കുമോ?

ശ്രീ. പി. ശങ്കരൻ: അദ്ദേഹത്തിന്റെ ചോദ്യത്തിന്റെ തുടക്കത്തിൽ ബീച്ച് ബ്യൂട്ടിഫിക്കേഷനെക്കുറിച്ചാണ് പറഞ്ഞത്. കേരളത്തിന്റെ തീരപ്രദേശത്തുള്ള ബീച്ചുകൾ ബ്യൂട്ടിഫൈ ചെയ്യാനുള്ള നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ, ഹോട്ട് എയർ ബലൂൺ, ഹാങ് ഗ്ലൈഡർ, പാരാ ഗ്ലൈഡർ, ബിഗിനർ, ഇന്റർമീഡിയേറ്റ് പാരാ ഗ്ലൈഡർ, പാരാഗ്ലൈഡർ ഹെൽമെറ്റ്, ആക്സിലറി പാരച്യൂട്ട്, ഹാങ് ഗ്ലൈഡർ, റ്റാൻഡം ഹാങ് ഗ്ലൈഡർ സോളോ, ടൂറിസ്റ്റ്, ടെന്റ്,ഡൈനിംഗ് ടെന്റ്, ടോയ്ലറ്റ് ടെന്റ്, വാട്ടർ ബോട്ടിൽ മിൽട്ടൺ, ഫോൾഡിംഗ് ക്യാമ്പ് ചെയർ, സ്ലീപ്പിംഗ് ബാഗ്, റക്ക് സാക്ക്, റാപ്പെല്ലിംഗ് ജാക്കെറ്റ്, മിട്ടൻഡ്, ബൈനോക്കുലർ, തമ്മേഴ്സ്, റോപ്, റാപ്പെല്ലിംഗ് റോപ്, വിൻഡ് സാക്ക്, ലൈറ്റ് വെയ്റ്റ് റാപ്പെല്ലെന്റ് കോട്ട് കോമ്പാസ്, ട്രക്കേഴ്സ് കോമ്പാസ്, പാരാഗ്ലൈഡിഗ് ഹെൽമെറ്റ് തുടങ്ങിയ ഉപകരണങ്ങൾ സംസ്ഥാന ടൂറിസം വകുപ്പിന്റെ സഹായത്തോടെ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വാങ്ങിയിട്ടുണ്ട്. ഈ ഉപകരണങ്ങളുടെ സഹായത്തോടെ യോഗ്യതയുള്ള ഏജൻസികളെ നിശ്ചയിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു: കേരളത്തെക്കുറിച്ച് ലോകത്തിൽ God's own Country എന്നാണ് പ്രചരിപ്പിക്കുന്നത്. എന്നാൽ അടുത്തയിടെ ഒരു weekly-യിൽ കേരളത്തെ Devils Own Country എന്ന് വിശേഷിപ്പിച്ചുകൊണ്ട് ഒരു ലേഖനം കേരളത്തിന്റെ ടൂറിസം സാദ്ധ്യതകളെ പ്രതികൂലമായി ബാധിക്കുന്ന വിധത്തിൽ വന്നു. ഈ ലേഖനത്തിൽ ചൂണ്ടിക്കാണിച്ച പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ ശ്രദ്ധിക്കുമോ? അതോടൊപ്പംതന്നെ കേരളത്തെക്കുറിച്ചുള്ള നെഗറ്റീവായ പ്രചരണത്തിന് എതിരായിട്ട് ഒരു കൗണ്ടർ പ്രചരണം നടത്താൻ ഗവൺമെന്റ് മുന്നോട്ടു വരുമോ?

ശ്രീ. പി. ശങ്കരൻ: ഓരോരുത്തരും അവരവരുടെ ഭാവനയ്ക്കനുസരിച്ചാണ് ഓരോന്നും എഴുതുന്നത്. ഡെവിൾസ് ഓൺ കൺട്രി എന്നെഴുതാനുള്ള കാരണങ്ങൾ കേരളത്തിലെ മാലിന്യവും മറ്റു പല കാരണങ്ങളുമാകാം. ഈ കാര്യത്തിൽ ഒരാൾ പറയുന്നതിന് തടസ്സം നിൽക്കാൻ നമുക്ക് നിവൃത്തിയില്ല. ഗോഡ്സ് ഓൺ കൺട്രി എന്ന പേര് നിലനിറുത്താനുള്ള പ്രവർത്തനങ്ങൾ ടൂറിസം വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് ഉറപ്പ് നൽകുന്നു.

ശ്രീ. ടി. കെ. ബാലൻ: വടക്കൻ കേരളത്തിലെ തെയ്യംതിറയുടെ സീസണിൽ ധാരാളം വിദേശ ടൂറിസ്റ്റുകളും ഡൊമസ്റ്റിക് ടൂറിസ്റ്റുകളും ആ പ്രദേശത്തുള്ള കാവുകളിൽ എത്തി ഇത് കാണാറുണ്ട്. അവർ തിരിച്ചുപോകുമ്പോൾ മനോഹരമായ തെയ്യംതിറയുടെ രൂപങ്ങൾ ആവശ്യപ്പെട്ടാൽ നമുക്ക് കൊടുക്കാൻ സാധിക്കുന്നില്ല. ടൂറിസം വകുപ്പ് മുൻകൈ എടുത്ത് ഒരു ഷോപ്പിംഗ് കോംപ്ലക്സ് ഇക്കാര്യത്തിനുവേണ്ടി ഉണ്ടാക്കുന്നതിനെക്കുറിച്ച് പര്യാലോചിക്കുമോ?

ശ്രീ. പി. ശങ്കരൻ: ഈ നിർദ്ദേശം സ്വാഗതാർഹമാണ്. മാത്രമല്ല തെയ്യം പോലെയുള്ള കലാരൂപങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനും അതിന്റെ പ്രാധാന്യം കാണിക്കുന്ന തെയ്യ രൂപങ്ങൾ വിദേശ സഞ്ചാരികൾക്ക് നൽകുന്നതിനാവശ്യമായ സംവിധാനങ്ങളെക്കുറിച്ചും ഗവൺമെന്റ് ആലോചിക്കുന്നതാണ്.

ശ്രീ. കെ. സി. വേണുഗോപാൽ: ഇവിടെ ബഹുമാനപ്പെട്ട മന്ത്രി അഡ്വഞ്ചർ ടൂറിസവും ഷോപ്പിംഗ് ടൂറിസവും വിപുലീകരിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് പറയുകയുണ്ടായി. ടൂറിസം പ്രോജക്ടുകൾക്ക് ഏറ്റവും കൂടുതൽ സാദ്ധ്യതയുള്ള പ്രദേശങ്ങളാണ് കേരളത്തിലുള്ള ബീച്ചുകൾ, ഹിൽ സ്റ്റേഷനുകൾ തുടങ്ങിയവ. ഇതെല്ലാം നടപ്പിലാക്കുന്ന ഒരു ഏജൻസി ജില്ല ടൂറിസം പ്രൊമോഷൻ കൗൺസിലാണ്. നിർഭാഗ്യവശാൽ ടൂറിസം പ്രൊമോഷൻ കൗൺസിൽ ടൂറിസം സ്കില്ലുമായി ബന്ധപ്പെട്ടുപോകുന്നതിനുപകരം ഒരു വകുപ്പായി മാറുകയാണ്. പല പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്താൻ സ്കിൽ കാണിക്കുന്നില്ല. ഡി.ടി.പി.സി.-യെ ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കാനും അത് നടപ്പിലാക്കുന്നതിന് തുടർ ക്രമീകരണങ്ങൾ നടത്താനും അങ്ങ് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ശങ്കരൻ: ഡി.ടി.പി.സി.-യെ ശാസ്ത്രീയമായി പുനസ്സംഘടിപ്പിക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നതാണ്. കൂടാതെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച ഹിൽ സ്റ്റേഷൻ ടൂറിസം പോലുള്ള പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകാനും, അതുപോലെ പ്രത്യേക പദ്ധതികൾ എന്തെങ്കിലും രൂപീകരിക്കാൻ ഡി.ടി.പി.സി. തയ്യാറാകുകയാണെങ്കിൽ അവർക്ക് അതിനാവശ്യമായ ഫണ്ട് നൽകാനും തയ്യാറാണ്. 25 ലക്ഷം രൂപവരെയുള്ള പദ്ധതികൾ അവർതന്നെ തയ്യാറാക്കി തരികയാണെങ്കിൽ ആ പദ്ധതികൾക്ക് ഗവൺമെന്റ് അംഗീകാരം നൽകാൻ തയ്യാറാണെന്നുകൂടി അവരെ അറിയിക്കുന്നു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സുൽത്താൻതോട് എന്നറിയപ്പെടുന്ന തോട്ടിലൂടെ, മാടായി പഞ്ചായത്തിലെ നീലേശ്വരം മുതൽ കോട്ടപ്പുറംവരെ തീർത്ഥാടകരുടെ പ്രവാഹംതന്നെ ഉണ്ടായിക്കൊണ്ടിരിക്കുന്ന പറശ്ശിനിക്കടവിലേയ്ക്ക് ഒരു വലിയ ജലപാത വെട്ടിത്തെളിച്ചിരുന്നു. അത് ഹൈദ്രാലിയുടെ കാലത്ത് ഉണ്ടാക്കിയതാണ്. ടൂറിസം വകുപ്പ് ഒരു കോടി രൂപ ചെലവഴിച്ചിരുന്നു. ഇപ്പോൾ ആ തോട്ടിലൂടെ ബോട്ടുകളോ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന യാതൊന്നുമോയില്ല. അത് വീണ്ടും പുനഃസ്ഥാപിക്കാൻ ആവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. പി. ശങ്കരൻ: ഈ വർഷത്തെ പ്രയോറിറ്റി ലിസ്റ്റിൽ സുൽത്താൻ തോടുണ്ട്. അതിനാവാശ്യമായ ധനസഹായം ഗവൺമെന്റ് നൽകുകയും ചെയ്യുന്നതാണ്.

ശ്രീ. വർക്കല കഹാർ: വ്യോമസേനയുടെ അഡ്വഞ്ചർ സ്പോർട്സ് വിംഗ് പല തവണ വന്ന് തിരുവനന്തപുരം ജില്ലയിലെ കാപ്പിൽ പ്രദേശത്ത് ക്യാമ്പ് ചെയ്തിട്ടുണ്ട്. വാട്ടർ സ്കീയിംഗ് പാരാ സെയ്ലിംഗ് എന്നിവ ഉൾപ്പെടുത്തി ഒരു സ്ഥിരം സംവിധാനം അവിടെ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. പി. ശങ്കരൻ: ഇത് പരിശോധിക്കാവുന്നതാണ്.

ശ്രീ. ടി.കെ. ദേവകുമാർ: ശുദ്ധജല തടാകങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഹൗസ് ബോട്ടുകളിൽനിന്നുള്ള മാലിന്യങ്ങളെ സംസ്ക്കരിക്കുമെന്ന് കഴിഞ്ഞ സമ്മേളനത്തിൽ ഉറപ്പു നൽകിയതാണ്. മനുഷ്യ വിസർജ്ജ്യങ്ങൾ കുട്ടനാടൻ പ്രദേശത്തെ ശുദ്ധജലത്തെ കൂടുതൽ മലിനമാക്കിയിരിക്കുന്നു. ആ പ്രദേശത്തെ അതിൽനിന്നും വിമുക്തമാക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ? ഇപ്പോൾ ഗൗരവമായ മറ്റൊരു സംഗതി കൂടി ഉണ്ടായിരിക്കുന്നു. ഹൗസ് ബോട്ടുകൾക്കകത്ത് ആയുർവേദ ചികിൽസയും മസ്സാജുമൊക്കെ നടത്തുന്നുണ്ട്. എന്ത് പരിശോധനയുടെ അടിസ്ഥാനത്തിലാണ് ഇതിന് അനുമതി കൊടുത്തിരിക്കുന്നത്, അതിനുള്ള സൗകര്യമുണ്ടോ, ആയുർവേദ വകുപ്പിന്റെ അനുമതി വാങ്ങിക്കൊണ്ടാണോ ഇത് ചെയ്യുന്നത് എന്നത് സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ?

ശ്രീ. പി. ശങ്കരൻ: മാലിന്യ നിർമ്മാർജനത്തിനാവശ്യമായ പദ്ധതികളെ കുറിച്ച് ഗവൺമെന്റ് പരിശോധിക്കുന്നതാണെന്ന് മാത്രമേ എനിക്കിപ്പോൾ പറയാൻ സാധിക്കുകയുള്ളു. കാരണം കായലിലുള്ള മാലിന്യങ്ങൾ ഹൗസ് ബോട്ടുകൾ

ഉപയോഗിക്കുന്നതുമൂലം വർദ്ധിച്ചുവരികയാണ്. അത് എളുപ്പത്തിൽ പരിഹരിക്കാവുന്ന പ്രശ്നമല്ല. ഗവൺമെന്റ് ഒരു ഉറപ്പ് തന്നുകഴിഞ്ഞാൽ ആ ഉറപ്പിനനുസരിച്ച് പ്രവർത്തനങ്ങൾ നടത്തണം. അത് എളുപ്പമല്ല. ഞാൻ നേരിൽ കണ്ടതാണ്. ചമ്പക്കുളം വള്ളംകളി നടക്കുന്ന സ്ഥലത്ത് പോയ അവസരത്തിൽ ഡോക്ടർ കെ. സി. ജോസഫും മറ്റ് നിയമസഭാ സാമാജികരും അതിനെക്കുറിച്ച് സംസാരിച്ചതാണ്. എളുപ്പത്തിൽ ആ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യാൻ സാധിക്കില്ല. അതിനൊരു ബൃഹത്തായ പദ്ധതി വേണ്ടി വരും. കോടിക്കണക്കിന് രൂപ ചെലവഴിക്കേണ്ടി വരും. എത്രയോ ദൂരമുള്ള കായലുകളാണ്. ആ കായലുകളിൽ ഓടിക്കൊണ്ടിരിക്കുന്ന ബോട്ടുകൾ പുറത്തുവിടുന്ന മാലിന്യങ്ങൾ അവിടെ കുന്നുകൂടുകയാണ്. അത് എളുപ്പത്തിൽ മാറ്റാൻ സാധിക്കില്ല. എന്നാലും ഇത് വളരെ ഗൗരവമായി പര്യാലോചിക്കേണ്ട കാര്യമാണ്. ഗവൺമെന്റ് അക്കാര്യം പരിശോധിക്കുന്നതാണ്.....(ബഹളം).....ആയുർവ്വേദ വകുപ്പ് അതിന് അനുമതി കൊടുത്തിട്ടുണ്ടോ എന്നുള്ള കാര്യം എനിക്കറിയില്ല. ഞാനത് പരിശോധിക്കാം.

ശ്രീ. അടൂർപ്രകാശ്: സർ, ടൂറിസം രംഗത്ത് പ്രാധാന്യം കൊടുത്തുകൊണ്ട് മലയോര മേഖലകളിൽ ടൂറിസം പ്രവർത്തനങ്ങൾ നടത്തുന്നതിന് വേണ്ടി എക്കോ ടൂറിസം പദ്ധതി എന്നുള്ള നിലയിൽ ഈ ഗവൺമെന്റ് തന്നെ ചില പരിപാടികൾ ആസൂത്രണം ചെയ്തിരുന്നു. ഈ സഭയിൽ തന്നെ പ്രഖ്യാപനം നടത്തുകയും ചെയ്തതാണ്. എന്റെ നിയോജകമണ്ഡലത്തിൽ കോന്നി കേന്ദ്രീകരിച്ചുകൊണ്ട് എക്കോ ടൂറിസം പദ്ധതി ആരംഭിക്കുന്നതിന് വേണ്ടി നടപടികൾ സ്വീകരിച്ചതാണ്. ഞാൻ കുറേ നാളായിട്ട് ഇതിന്റെ പുറകെ നടക്കുകയാണ്. ഇത് നടപ്പിലാക്കുമെന്ന പ്രഖ്യാപനമുണ്ടായിയെങ്കിൽപോലും നാളിതുവരെ ഇതിന് തുടക്കം കുറിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. സമയബന്ധിതമായി അതിന് തുടക്കം കുറിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി നിർദ്ദേശം കൊടുക്കുമോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. ശങ്കരൻ: കോന്നി ഉൾപ്പെട്ട പ്രദേശങ്ങളിൽ എക്കോ ടൂറിസം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതിൽ എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കാം. ഇപ്രാവശ്യത്തെ പദ്ധതികളിൽ അത് ഉൾപ്പെടുത്തിയിട്ടുണ്ട്. അതൊരു ongoing പ്രോജക്റ്റാണ്. അതുപോലെതന്നെ ആ പദ്ധതി തുടരുകയും ചെയ്യും.

ശ്രീ. എം. വി. ജയരാജൻ: ലോകത്ത് തന്നെ ഏറ്റവും പ്രധാനപ്പെട്ട ഡ്രൈവിംഗ് ബീച്ച്, അങ്ങേയ്ക്കറിയാം മുഴപ്പനങ്ങാട്. 5 കിലോമീറ്റർവരെ കടൽത്തീരംവഴി വാഹനം ഓടിച്ചുകൊണ്ട് പോകാൻ കഴിയുന്ന സൗകര്യമാണ്. അതുകൊണ്ടുതന്നെ ടൂറിസ്റ്റുകൾ ഇപ്പോൾ വരുന്നുണ്ട്. ബഹുമാനപ്പെട്ട രാധാകൃഷ്ണൻ മന്ത്രിയായിരുന്ന സമയത്ത്

LIBRARY ARCHIVES Kerala Legislative Assembly

അവിടെ Adventure Sports Academy-യുടെ മൂന്നാർ മാതൃകയിൽ ഒരു കേന്ദ്രം ആരംഭിച്ച് വാട്ടർ സ്പോർട്ട്സും എയ്നോ സ്പോർട്ട്സും ആരംഭിക്കാനുള്ള തുടക്കമായി. അതുകൊണ്ട് നൂറ് കണക്കിന് ആഭ്യന്തരവും വിദേശീയരുമായ ടൂറിസ്റ്റുകൾ വന്നുകൊണ്ടിരിക്കുന്ന ഒരു കേന്ദ്രമെന്നുള്ള നിലയിൽ അവിടെ ആവശ്യമായ adventure tourist പദ്ധതികൾ വിപുലപ്പെടുത്തുന്നതിന് വേണ്ടിയുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

ശ്രീ. പി. ശങ്കരൻ: നിശ്ചയമായും അങ്ങയുടെ ആവശ്യം പരിഗണിക്കുന്നതാണ്.

ശ്രീ. എ. പി. അനിൽകുമാർ: Adventure tourism-ന്റെ സാദ്ധ്യതകളെക്കുറിച്ച് വളരെ വിശദമായ പഠനം നടത്തുകയുണ്ടായി എന്ന് മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എന്റെ നിയോജകമണ്ഡലത്തിൽ, കരുവാരക്കുണ്ട്, കാളികാവ് പഞ്ചായത്തുമായി ബന്ധപ്പെട്ട് കിടക്കുന്ന പ്രദേശങ്ങൾ ജൈവവൈവിദ്ധ്യം കൊണ്ടും ഔഷധ സസ്യങ്ങൾ കൊണ്ടും സമ്പുഷ്ടമെന്ന് സ്വാമിനാഥൻ കമ്മിഷൻ റിപ്പോർട്ടിൽപോലും പരാമർശിച്ചിട്ടുള്ളതാണ്. ഈ പ്രദേശത്ത് നിന്ന് ഏതാണ്ട് 10 കിലോമീറ്റർ യാത്ര ചെയ്ത് കഴിഞ്ഞാൽ നമ്മുടെ പഴയ സൈലന്റ് വാലി പ്രോജക്റ്റിന്റെ സ്ഥലത്തെത്താൻ കഴിയും. ഈ 10 കിലോമീറ്റർ യാത്ര തീർത്തും വനാന്തരത്തിലൂടെയുള്ള യാത്രയാണ്. ഈ മേഖല വനാന്തര യാത്രയ്ക്കും തീർത്ഥ യാത്രയ്ക്കുമൊക്കെ ഉൾപ്പെടുത്തികൊണ്ട് ഈ പ്രദേശത്തെ adventure tourism-ന്റെ ഭാഗമാക്കി മാറ്റാനുള്ള പ്രത്യേക നടപടികൾ മന്ത്രി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ശ്രീ. പി. ശങ്കരൻ: സംസ്ഥാനത്ത് ഇത്തരം പ്രാധാന്യമുള്ള പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് കണ്ടെത്താനുള്ള ശ്രമത്തിലാണ് ടൂറിസം വകുപ്പ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ കരുവാരക്കുണ്ടിലും കാളികാവിലും ഇത്രയധികം ജൈവ വൈവിദ്ധ്യങ്ങളുണ്ടെന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പ്രത്യേകം പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: നേരത്തെ ബഹുമാന്യയായ ശ്രീമതി ടീച്ചർ ചൂണ്ടിക്കാണിച്ചതുപോലെ കേരളത്ത് പ്രത്യേകിച്ച് മലബാറിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു തീർത്ഥാടന കേന്ദ്രമാണ് പറശ്ശിനിക്കടവ്. പറശ്ശിനിക്കടവിൽ സഹകരണ മേഖലയിൽ ഇപ്പോൾ തന്നെ ടൂറിസ്റ്റ് കേന്ദ്രം ആരംഭിക്കുന്നതിനുവേണ്ടിയുള്ള ശ്രമം നടന്നുവരികയാണ്. അവിടെ ഗവൺമെന്റ് ടൂറിസത്തെ കുറച്ചുകൂടി പ്രോത്സാഹിപ്പിക്കത്തക്കരീതിയിലുള്ള നിലപാട് സ്വീകരിക്കുമോ; അതിനാവശ്യമായ പശ്ചാത്തല സൗകര്യം പറശ്ശിനിക്കടവിൽ തീർക്കുന്നതിനാവശ്യമായ നിലപാട് സ്വീകരിക്കുമോ?

ശ്രീ. പി. ശങ്കരൻ: ടൂറിസം വകുപ്പിനാവശ്യമായ എല്ലാ സൗകര്യങ്ങളും കേരളത്തിലെ പ്രധാനപ്പെട്ട ക്ഷേത്രങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly